REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പഹൽഗാം ഭീകരാക്രണത്തിൽ തീവ്രവാദികളെ സഹായിച്ച കുറ്റത്തിന് രണ്ടു പേരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റു ചെയ്തു.**
- **ഇറാനെതിരായ US ആക്രമണം അപകടകരമായ സാഹചര്യമുണ്ടാക്കിയെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.**
- **നിലമ്പൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ നാളെ.**
- **സംസ്ഥാനത്ത് വ്യാഴാഴ്ച വരെ വ്യാപക മഴയ്ക്ക് സാധ്യത. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് വൈകിട്ട് മൂന്നരയ്ക്ക് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രണത്തിൽ തീവ്രവാദികളെ സഹായിച്ച കുറ്റത്തിന് രണ്ടു പേരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റു ചെയ്തു. ബട്കോട്ട് സ്വദേശി പർവൈസ് അഹമ്മദ് ജോത്തർ, ഹിൽപാർക്ക് സ്വദേശി ബഷീർ അഹമ്മദ് ജോത്തർ എന്നിവരെയാണ് അറസ്റ്റു ചെയ്തത്.

നിരോധിത ഭീകര സംഘടനയായ ലഷ്കർ - ഇ - തൊയ്ബയുമായി ബന്ധമുള്ള പാകിസ്ഥാൻ പൗരന്മാരാണ് തങ്ങളെന്ന് പ്രതികൾ സ്ഥിരീകരിച്ചിട്ടുണ്ടെന്നും ഏജൻസി അറിയിച്ചു.

✪✪✪

ഇസ്രായേലിലേക്ക് ഇറാൻ പുലർച്ചെ 30 ലധികം ബാലിസ്റ്റിക് മിസൈലുകൾ വിക്ഷേപിച്ചതായി ഇസ്രായേൽ സേന അറിയിച്ചു. ഇറാന്റെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ അമേരിക്ക ആക്രമണം നടത്തി മണിക്കൂറുകൾക്ക് ശേഷമാണ് ടെൽ അവീവിൽ ഇറാന്റെ മിസൈലാക്രമണം ഉണ്ടായത്. 16 പേർക്കെങ്കിലും പരിക്കേറ്റതായും സൈന്യം വ്യക്തമാക്കി. മധ്യ ഇസ്രായേലിലെ നിരവധി സ്ഥലങ്ങളിൽ മിസൈൽ പതിച്ചതായും റിപ്പോർട്ടുണ്ട്. ഇറാന്റെ ഫോർഡോ, നഥാൻസ്, എസ്ഫഹാൻ ആണവ കേന്ദ്രങ്ങളിൽ അമേരിക്ക ബോംബാക്രമണം നടത്തിയതായി US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സ്ഥിരീകരിച്ചതിന് ശേഷമായിരുന്നു ഇറാന്റെ ആക്രമണം.

ഇറാന്റെ സമ്പുഷ്ടീകരണ ശേഷിയെ തകർക്കാനും ലോകത്തിലെ ഒന്നാം നമ്പർ ഭീകരതയെ സ്പോൺസർ ചെയ്യുന്ന ഇറാന്റെ ആണവ ഭീഷണി അവസാനിപ്പിക്കാനുമാണ് ആക്രമണം നടത്തിയതെന്ന് ട്രംപ് പറഞ്ഞു.

✪✪✪

ഇറാനെതിരായ US ആക്രമണം അപകടരമായ സാഹചര്യമാണെന്ന് ഐക്യരാഷ്ട്രസംഘടന സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. പശ്ചിമേഷ്യയിലെ സംഘർഷം നിയന്ത്രണാതീതമായേക്കുമെന്നും അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷക്കും നേരെ ഭീഷണിയാണ് അമേരിക്കയുടെ നീക്കമെന്നും ഗുട്ടറെസ് സമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ടെഹ്റാനിലെ ആണവ കേന്ദ്രകൾക്കു നേരെ നടത്തിയ ആക്രമണം അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് ഇറാൻ ആണവോർജ്ജ സംഘടന പ്രതികരിച്ചു. ആണവ റിയാക്ടറിൽ നിന്ന് വികിരണ സാധ്യതയൊന്നുമുണ്ടായിട്ടില്ലെന്നും നിയമം ലംഘിച്ചവർക്കെതിരെ നടപടിയുണ്ടാകുമെന്നും ആണവോർജ്ജ സംഘടന അറിയിച്ചു.

✪✪✪

ഇറാന്റെ ആണവ കേന്ദ്രങ്ങൾ ആക്രമിക്കാൻ ഡൊണാൾഡ് ട്രംപ് എടുത്ത തീരുമാനത്തെ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അഭിനന്ദിച്ചു. അമേരിക്കൻ തീരുമാനം ചരിത്രത്തെ മാറ്റിമറിക്കുമെന്ന് വീഡിയോ സന്ദേശത്തിൽ നെതന്യാഹു വ്യക്തമാക്കി.

✪✪✪

ഇറാൻ - ഇസ്രായേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാനായി ആരംഭിച്ച ഓപ്പറേഷൻ സിന്ധുവിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 290 ഇന്ത്യക്കാരുമായി പ്രത്യേക വിമാനം ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തി. മഷാദിൽ നിന്ന് മറ്റൊരു വിമാനം 310 ഇന്ത്യക്കാരുമായി ന്യൂഡൽഹിയിൽ എത്തിയിരുന്നു. ഇതോടെ ഓപ്പറേഷൻ സിന്ധുവിലുൾപ്പെടുത്തി രാജ്യത്തെത്തിച്ച ആളുകളുടെ എണ്ണം 1,117 ആയി. ഇറാനിൽ നിന്ന് ഒഴിപ്പിച്ച ഇന്ത്യക്കാരുടെ അഞ്ചാമത്തെ ബാച്ചാണിത്.

പ്രത്യേക വിമാനത്തിലെ യാത്രാസംഘത്തിലെ ഏക മലയാളി വിദ്യാർഥിനിയായ മലപ്പുറം സ്വദേശി ഫാദില കച്ചക്കാരൻ ഡൽഹിവഴി ഇന്നലെ കൊച്ചിയിലെത്തി.

✪✪✪

സംഘർഷബാധിതമായ ഇറാനിൽ നിന്ന് ഓപ്പറേഷൻ സിന്ധുവിലൂടെ തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ സഹായിച്ചതിന് നേപ്പാളും ശ്രീലങ്കയും ഇന്ത്യയോട് നന്ദി അറിയിച്ചു.

നേപ്പാളി പൗരന്മാരെ ഒഴിപ്പിക്കുന്നതിൽ ഇന്ത്യ നൽകിയ പിന്തുണ നേപ്പാൾ-ഇന്ത്യ ബന്ധങ്ങളുടെ ശക്തിയുടെ പ്രതിഫലനമാണെന്ന് നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ഡ്യൂബ സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

ഇറാനിൽ നിന്ന് ശ്രീലങ്കൻ പൗരന്മാരെ ഒഴിപ്പിക്കുന്നതിൽ സമയോചിതമായി സഹായിച്ചതിന് ശ്രീലങ്കൻ വിദേശകാര്യ മന്ത്രി വിജിത ഹെറാത്ത് ഇന്ത്യയ്ക്ക് നന്ദി പറഞ്ഞു. "ചിന്തനീയമായ പ്രവൃത്തി" എന്ന് വിശേഷിപ്പിച്ച ഹെറാത്ത്, ശ്രീലങ്കയും ഇന്ത്യയും തമ്മിലെ ആഴത്തിലുള്ള ബന്ധത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും പറഞ്ഞു.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ചുങ്കത്തറ മാർത്തോമ്മ ഹയർ സെക്കൻഡറി സ്ക്കൂളിൽ ആരംഭിക്കും. വോട്ടെണ്ണലിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്.....

ജില്ലാ ഇലക്ഷൻ കൺട്രോൾ റൂം, കമ്മ്യൂണിക്കേഷൻ കൺട്രോൾ റൂം, മീഡിയ റൂം എന്നിവയും മാർത്തോമ്മ സ്ക്കൂളിലാണ് പ്രവർത്തിക്കുക. ആദ്യം നാല് ടേബിളുകളിൽ പോസ്റ്റൽ ബാലറ്റുകൾ ആയിരിക്കും എണ്ണി തുടങ്ങുന്നത്. തുടർന്ന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ രേഖപ്പെടുത്തിയ വോട്ടുകൾ എണ്ണും. EVM വോട്ടുകൾ എണ്ണുന്നതിന് 14 ടേബിളുകളും പോസ്റ്റൽ

ബാലറ്റുകൾ എണ്ണുന്നതിന് നാല്  ടേബിളുകളും, ETPBS പ്രീ കൗണ്ടിംഗിനായി ഒരു ടേബിളും ക്രമീകരിച്ചിട്ടുണ്ട്. 263 പോളിംഗ് ബൂത്തുകളിലെ വോട്ടുകൾ 19 റൗണ്ടുകളിലായി എണ്ണും. 25 മൈക്രോ ഒബ്സർവർമാർ, 24 കൗണ്ടിംഗ് സൂപ്പർവൈസർമാർ, 30 കൗണ്ടിംഗ് അസിസ്റ്റന്റുമാർ, ഏഴു അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ എന്നിങ്ങനെ 86 ഉദ്യോഗസ്ഥരെ വോട്ടെണ്ണുന്നതിന് നിയോഗിച്ചിട്ടുണ്ട്. എല്ലാ റൗണ്ടുകളിലും വോട്ട് എണ്ണി കഴിഞ്ഞതിന് ശേഷം നറുക്കിട്ടെടുത്ത അഞ്ചു പോളിംഗ് സ്റ്റേഷനുകളിലെ വിവിപാറ്റ് സ്ലിപ്പുകൾ പ്രത്യേകം സജ്ജീകരിച്ച വിവിപാറ്റ് കൗണ്ടിംഗ് ബൂത്തിൽ ഇലക്ഷൻ കമ്മീഷൻ നിരീക്ഷകരുടെ സാന്നിദ്ധ്യത്തിലാണ് എണ്ണിത്തിട്ടപ്പെടുത്തുക.

വോട്ടെണ്ണൽ നടപടികൾ പൂർണ്ണമായി CCTV നിരീക്ഷണത്തിൽ ആയിരിക്കും. വോട്ടെണ്ണൽ കേന്ദ്രത്തിന് കേന്ദ്രസേനയുടെയും പൊലീസിന്റെയും ത്രിതല സുരക്ഷ സംവിധാനം ഏർപ്പെടുത്തി. വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷണത്തിന് സ്ഥാനാർത്ഥികൾക്കും, ഏജന്റുമാർക്കും ഇലക്ഷൻ കമ്മീഷൻ നിർദ്ദേശ പ്രകാരം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

✪✪✪

'ലെറ്റ്സ് മൂവ്' കാമ്പെയ്നിന് കീഴിൽ  ഒളിമ്പിക് ഡേ റൺ ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയും ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയും ഫ്ലാഗ് ഓഫ് ചെയ്തു.  ജവഹർലാൽ നെഹ്റു  സ്റ്റേഡിയത്തിൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് PT ഉഷയുടെ സാന്നിധ്യത്തിലായിരുന്നു ഫ്ലാഗ് ഓഫ്.

ഫിറ്റ്നസും പരിസ്ഥിതി അവബോധവും പ്രോത്സാഹിപ്പിക്കുന്ന ഫിറ്റ് ഇന്ത്യ സൺഡേ ഓൺ സൈക്കിൾ കാമ്പെയ്നിനും കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ നേതൃത്വം നൽകി.

✪✪✪

കാസർകോട് ചെറുവത്തൂർ ഐ.ടി.ഐയിൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുമെന്ന് മന്ത്രി OR കേളു അറിയിച്ചു. ചെറുവത്തൂർ ഐ.ടി.ഐ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന ഗവൺമെന്റിന്റെ  പുതിയ നൈപുണ്യ വികസന പദ്ധതിയായ വിജ്ഞാന കേരളത്തിന്റെ ഭാഗമായി ഐ.ടി.ഐ കളിൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി.

✪✪✪

ആഭ്യന്തര മന്ത്രി അമിത് ഷാ യുടെ രണ്ടു ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനത്തിന് ഇന്ന് തുടക്കമാവും. റായ്പൂരിലെ വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന അദ്ദേഹം നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി ക്യാമ്പസിന്റെയും സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും ശിലാസ്ഥാപനം നിർവഹിക്കും.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

✪✪✪

ലിറ്റിൽ കൈറ്റ്സ് നോഡൽ ഓഫീസർമാർക്ക് കണ്ണൂർ ജില്ലാതല ശില്പശാല പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയ്സ് ................)

ജില്ലയിൽ പ്രവർത്തിക്കുന്ന 152 യൂണിറ്റുകളിൽ നിന്നും 300 പേർ ശില്പശാലയിൽ പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന തരത്തിലുള്ള വിവിധ അവതരണങ്ങളും സെഷനുകളും ഉൾപ്പെട്ടതായിരുന്നു പരിപാടി. ജില്ലാതലത്തിലെയും സംസ്ഥാനതലത്തിലെയും മികച്ച ലിറ്റിൽ കൈറ്റ്സ് പ്രവർത്തന മാതൃകകൾ, ആശയ പ്രചരണ രംഗത്ത് സ്കൂൾ വിക്കിയുടെ പ്രസക്തി, വിദ്യാലയ പ്രവർത്തനങ്ങളിൽ ലിറ്റിൽ കൈറ്റ്സിന്റെ സ്ഥാനം തുടങ്ങി വിവിധ അവതരണങ്ങളും ചർച്ചകളും നടന്നു. ഈ അധ്യയന വർഷം പത്താം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും നിർമിത ബുദ്ധിയും റോബോട്ടിക്സും പഠിക്കാനും പ്രായോഗിക പരീക്ഷണങ്ങൾ നടത്താനും അവസരമൊരുക്കിയിട്ടുണ്ടെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് പറഞ്ഞു. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ വഴി ഈ വർഷം മുന്തിയ പരിഗണന നൽകുന്ന ഒരു മേഖല ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് ഡിജിറ്റൽ സംവിധാനങ്ങളുപയോഗിച്ചുള്ള കൈത്താങ്ങായിരിക്കും

✪✪✪

ഇന്ന് ലോക മഴക്കാട് സംരക്ഷണ ദിനം. മഴക്കാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് എല്ലാവർഷവും ജൂൺ 22 ലോക മഴക്കാട് സംരക്ഷണ ദിനമായി ആചരിക്കുന്നത്. ഏഴു ഭൂഖണ്ഡങ്ങളിലും മഴക്കാട് സംബന്ധിച്ച് അവബോധം നൽകുന്നതിന് എല്ലാവരും ഭൗമസഞ്ചാരികളാവണമെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

പശ്ചിമ ഘട്ടത്തിലെ പ്രധാന ജൈവ വൈവിധ്യ കേന്ദ്രമായ പെരിയാർ കടുവാ സങ്കേതത്തിലെ ആദ്യഘട്ട ഉഭയ-ഉരഗജീവി സർവേയിൽ ആകെ 149 ഇനങ്ങളെ കണ്ടെത്തി. 67 ഉഭയജീവി ഇനങ്ങളെയും 82 ഉരഗജീവി ഇനങ്ങളെയുമാണ് കണ്ടെത്തിയത്.

✪✪✪

ലീഡ്സിൽ ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ആതിഥേയരായ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്ക് പുനരാരംഭിക്കും. ഇന്നലെ കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട് മൂന്നു വിക്കറ്റിന് 209 റൺസെടുത്തു. ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 471 റൺസിന് പുറത്തായി.

✪✪✪

ബെൽജിയത്തിൽ FIH പ്രോ ലീഗ് പുരുഷ ഹോക്കി ടൂർണമെന്റിന്റെ അവസാന റൗണ്ട് മത്സരത്തിൽ ഇന്ത്യ ഇന്ന് വീണ്ടും ബെൽജിയത്തെ നേരിടും. വൈകിട്ട് ഏഴിനാണ് മത്സരം. 15 പോയിന്റുമായി ടൂർണമെന്റിൽ ഇന്ത്യ എട്ടാം സ്ഥാനത്താണ്.

✪✪✪

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 165 കോടി രൂപ വിനിയോഗിച്ചതായി മന്ത്രി സജി ചെറിയാൻ പറഞ്ഞു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകി വരുന്ന 2024-25 വർഷത്തെ വിദ്യാഭ്യാസ, കായിക പ്രോത്സാഹന പുരസ്കാര വിതരണം ആലപ്പുഴയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

അണ്ടർ 23 ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഇന്ത്യൻ ടീം. വിയറ്റ്നാമിലെ വുങ്ടൗവിൽ നാലു സ്വർണവും അഞ്ച് വെള്ളിയുമുൾപ്പെടെ 10 വിഭാഗങ്ങളിലും ഓരോ മെഡൽ നേടി വനിത ടീം ചാമ്പ്യൻഷിപ്പിൽ കിരീടം സ്വന്തമാക്കി.

പുരുഷന്മാരുടെ ഫ്രീസ്റ്റൈലിൽ ആറു മെഡലുകളും സ്വന്തമാക്കി. നിഖിൽ, സുജിത്, ജയ്ദീപ്, ചന്ദർമോഹൻ, സച്ചിൻ എന്നിവർ സ്വർണം നേടി. ഇതോടെ പുരുഷ ഫ്രീസ്റ്റൈൽ റാങ്കിങ്ങിൽ ഇന്ത്യ ഒന്നാമതെത്തി.

✪✪✪

കോഴിക്കോട് കോടഞ്ചേരി പഞ്ചായത്തിലെ ചെമ്പുകടവിലെ രണ്ട് അങ്ങാടികളെ ബന്ധിപ്പിക്കുന്ന പാലത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലേക്ക്. ഏഴ് കോടി 85 ലക്ഷം രൂപ ചെലവിട്ടാണ് പാലം നിർമ്മിക്കുന്നത്.

അടുത്ത മാസം പാലത്തിന്റെ ഉദ്ഘാടനം നടത്താനാകുമെന്ന് ലിന്റോ ജോസഫ് MLA അറിയിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*CNRT: നിമിഷ ജി*
*DEO : സി കെ സുബോധ്*